**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2553** **15-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തതുമൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായി നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഓഡിറ്റ് സംവിധാനം ഫലപ്രദമാക്കുന്നതിനായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും സംഘത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളും ഇടപാടുകളും മനസ്സിലാക്കുന്നതിനായി പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.<br><br>ഇതിനു പുറമേ ജില്ലാ തലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുന്നതിലേയ്ക്കായി ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് **Generally Accepted Accounting Principles-** ലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ തയ്യാറാക്കുന്നതിനും ആയതിനുശേഷം ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.<br><br>ഓഡിറ്റ് **MATRIX**–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. ഓഡിറ്റ് **MATRIX**–ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് **MATRIX** ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>**Entry Meet, Exit meet, Draft Audit Memo,Audit para System, compliance register , para dropping** എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ സർക്കുലർ നമ്പർ **01/2023, 02/2023, 05/2023** എന്നീ സർക്കുലർ നിർദ്ദേശപ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സഹകരണ മേഖലയുടെ വിശ്വാസ്യതയെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന ഈ സാഹചര്യം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ; | (ബി) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഓഡിറ്റ് സംവിധാനം ഫലപ്രദമാക്കുന്നതിനായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും സംഘത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളും ഇടപാടുകളും മനസ്സിലാക്കുന്നതിനായി പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.<br><br>ഇതിനു പുറമേ ജില്ലാ തലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുന്നതിലേയ്ക്കായി ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് **Generally Accepted Accounting Principles-** ലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാനുവൽ തയ്യാറാക്കുന്നതിനും ആയതിനുശേഷം ഓഡിറ്റ് മാനുവൽ പരിഷ്കരിക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.<br><br>ഓഡിറ്റ് **MATRIX**–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. ഓഡിറ്റ് **MATRIX**–ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് **MATRIX** ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിയ്ക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>**Entry Meet, Exit meet, Draft Audit Memo,Audit para System, compliance register , para dropping** എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ സർക്കുലർ നമ്പർ **01/2023, 02/2023, 05/2023** എന്നീ സർക്കുലർ നിർദ്ദേശപ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ; | (സി) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുകയും ചെയ്യുന്നു. ഓഡിറ്റ് സംവിധാനം ഫലപ്രദമാക്കുന്നതിനായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും സംഘത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളും ഇടപാടുകളും മനസ്സിലാക്കുന്നതിനായി പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.<br><br>ഇതിനു പുറമേ ജില്ലാ തലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുന്നതിലേയ്ക്കായി ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting |

| | | | |
|---|---|---|---|
| | | | Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് **Generally Accepted Accounting Principles-** ലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ തയ്യാറാക്കുന്നതിനും ആയതിനുശേഷം ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.<br><br>ഓഡിറ്റ് **MATRIX**–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. ഓഡിറ്റ് **MATRIX**–ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് **MATRIX** ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിയ്ക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>**Entry Meet, Exit meet, Draft Audit Memo,Audit para System, compliance register , para dropping** എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ സർക്കുലർ നമ്പർ **01/2023, 02/2023, 05/2023** എന്നീ സർക്കുലർ നിർദ്ദേശപ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | ഓഡിറ്റിംഗിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഓഡിറ്റിൽ കണ്ടെത്തുന്ന ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം വരുത്തുന്ന സഹകരണ സംഘം ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ സഹകരണ നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ